**ഖുത്ബ**
**28.9.2007**
**ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ**

# അല്ലാഹുവിന്റെ സഹായം സുനിശ്ചിതമാണ് അവൻ നമ്മെ കൈവിടില്ല

### പാക്കിസ്ഥാനിലെ കറാച്ചിയിൽ രണ്ട് അഹ്മദി ഡോക്ടർമാർ ശഹീദാക്കപ്പെട്ടു

وَاِذَا سَاَلَكَ عِبَادِىْ عَنِّىْ فَاِنِّىْ قَرِيْبٌ ؕ اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا لِىْ وَلْيُؤْمِنُوْا بِىْ لَعَلَّهُمْ يَرْشُدُوْنَ ﴿١٨٧﴾

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ റമദാൻ മാസത്തിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്ന് 16-ാമത്തെ നോമ്പാണ്. ഇവിടെ 14 ദിവസമാണ് ഇനി അവശേഷിക്കുന്നത്. മറ്റുള്ള ലോകത്തും ചന്ദ്രനെ കണ്ടതിനുശേഷമാണ് അവർ തീരുമാനിക്കുക. എന്തായാലും അല്ലാഹു ഈ മാസം, നമ്മുടെ ആത്മീയവും ധാർമ്മികവുമായ അവസ്ഥ നന്നാക്കിത്തീർക്കുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കാനുള്ള പരിശ്രമത്തിനും നമുക്ക് പൊറുത്തുതരാനുള്ള സാധനസാമഗ്രികൾ ഒരുക്കിത്തരുന്നതിനും നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നതിനും വേണ്ടി പ്രത്യേകമായ നിലയിൽ നമുക്ക് നിശ്ചയിച്ചുതന്നിരിക്കുകയാണ്.

ഞാൻ ഓതിയ വചനത്തിന്റെ അർത്ഥമിതാണ്. "എന്റെ ദാസൻ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ തീർച്ചയായും ഞാൻ അടുത്തുണ്ട്. പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി അവരും ഞാൻ പറയുന്ന കാര്യത്തിന് ലബ്ബൈക്ക് പറയുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ."

ഈ വചനം വിശുദ്ധഖുർആനിൽ റമദാനെക്കുറിച്ച് പറയുന്നതിന്റെ ഇടയ്ക്കാണ് പ്രതിപാദിച്ചിട്ടുള്ളത്. ആ വചനങ്ങളിൽ നോമ്പ് നിർബ്ബന്ധമാക്കപ്പെട്ടതും അതുമായി ബന്ധപ്പെട്ട കല്പനകളുമാണുള്ളത്. ഇതിൽനിന്ന്, ഈ മാസം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും പാപങ്ങൾ പൊറുക്കപ്പെടുന്നതിനും പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതിനുമുള്ള പ്രത്യേക മാസമാണെന്ന് മനസ്സിലാകുന്നുണ്ട്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു. "ജിബ്രീൽ എന്റെയടുത്ത് വന്നു. അദ്ദേഹം പറഞ്ഞു. റമദാൻ മാസം പ്രാപിക്കുകയും എന്നാൽ, പാപം പൊറുക്കപ്പെടാതിരിക്കുകയും ചെയ്ത വ്യക്തി നാശമടഞ്ഞു."

ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്ന വേറൊരു ഹദീസിൽ പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു. "ഈമാന്റെ തേട്ടമനുസരിച്ച് പ്രതിഫലം പറ്റുക എന്ന ഉദ്ദേശ്യത്തോടെ റമദാന്റെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നവന്റെ പാപം പൊറുക്കപ്പെടുന്നതാണ്."

ഈ പാപങ്ങൾ പൊറുക്കപ്പെടുന്നതിന്റെ പ്രത്യേകമായ കാഴ്ചകൾ നാം കാണുന്നത്, അല്ലാഹു നോമ്പിന്റെ മുജാഹദയോടൊപ്പം ഒരു പ്രത്യേക ശ്രദ്ധയാൽ, അവന്റേതുമാത്രമായിക്കൊണ്ട് തന്റെ സന്നിധിയിൽ കുനിയുന്നവർക്ക് പ്രത്യേക സ്ഥാനം നല്കിയിരിക്കുന്നതുകൊണ്ടാണ്. അല്ലാഹു, തന്നെ അന്വേഷിക്കുന്നവർക്കും, തന്നെ വിളിക്കുന്നവർക്കും, ഉത്തരം നല്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. തന്റേതായി മാത്രം തീരുന്നവരുടെ പ്രാർത്ഥനകൾ അല്ലാഹു എല്ലാനേരത്തും കേൾക്കുമെങ്കിലും റമദാനിൽ ഒരു പ്രത്യേക അന്തരീക്ഷം ഉണ്ടായിത്തീരുന്നതിനാൽ ഈ മാസത്തിൽ ആദ്യത്തേക്കാൾ കൂടുതൽ തന്റെ ദാസരുടെ വിളി അവൻ കേൾക്കുന്നു. താഴെ പറയുന്ന ഹദീസിൽനിന്ന് അതാണ് വ്യക്തമാകുന്നത്.

ഹദ്റത്ത് സൽമാൻ(റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, "ജനങ്ങളേ! നിങ്ങളിൽ മഹത്തരവും അനുഗൃഹീതവുമായ ഒരു ഉത്കൃഷ്ടമാസം ഉദിച്ചുയരാൻ പോകുന്നു. ഇതിൽ ഒരു രാത്രിയുണ്ട്. അത് ആയിരം മാസ

ത്തേക്കാൾ ശ്രേഷ്ഠമാണ്. അല്ലാഹു അതിൽ നോമ്പാചരണം നിർബ്ബന്ധമാക്കിയിരിക്കുന്നു. അതിലെ രാത്രികളിൽ എഴുന്നേറ്റുനില്ക്കുന്നത് ഐച്ഛികകർമ്മമായി നിശ്ചയിച്ചിരിക്കുന്നു. ഈ മാസത്തിന്റെ ആദ്യത്തെ പത്ത് കാരുണ്യത്തിന്റേതും ഇടയ്ക്കത്തെ പത്ത് പൊറുക്കലിന്റേതും അവസാനത്തെ പത്ത് നരകത്തിൽനിന്നുള്ള മോചനത്തിന്റേതുമാണ്. ഇതിൽ ആരെങ്കിലും നോമ്പുകാരനെ നോമ്പ് തുറപ്പിച്ചാൽ അവനെ അല്ലാഹു എന്റെ 'ഹൗളി'ൽനിന്ന് കുടിപ്പിക്കുന്നതാണ്; പിന്നീട് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുവരെ അവന് ദാഹമുണ്ടാകുകയില്ല."

കാരുണ്യത്തിന്റെ നാളുകൾ നമ്മളിൽ നിന്ന് കഴിഞ്ഞുപോയിരിക്കുന്നു. ഇപ്പോൾ നാം പൊറുക്കലിന്റെ ദിനങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. മൂന്നുനാല് ദിവസത്തിനുശേഷം അവസാനത്തെ പത്ത് ആരംഭിക്കുന്നതാണ്. അത് നരകത്തിൽനിന്ന് മോചനം നല്കുന്ന ദിനങ്ങളാണ്. അതിൽ പ്രാർത്ഥന സ്വീകരിക്കപ്പെടുന്ന ഒരു പ്രത്യേക രാത്രിയുണ്ട്. അതിലെ അനുഗ്രഹം കൈവരിക്കുന്നവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നു."

അവശേഷിക്കുന്ന ദിനങ്ങൾ ഉപര്യുക്ത കാര്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കേണ്ടതാണ്. അതായത്, ഈ മാസത്തിന്റെ അനുഗ്രഹത്തിൽ നിന്ന് വയറുനിറയെ കുടിക്കാനുള്ള ശ്രമം നാം നടത്തണം. നമ്മുടെ രക്ഷിതാവിന്റെ സാമീപ്യവും കാരുണ്യവും കരസ്ഥമാക്കാൻ നാം പരിശ്രമിക്കണം. അവന്റെ പൊറുക്കലിന്റെ ചാദുർ നേടാനും ഈ ജീവിതത്തിലും ഭൗതികതയുടെ അഴുക്കിന്റെ നരകത്തിൽ നിന്ന് രക്ഷപ്പെടാനും ശ്രമിക്കണം. പരലോകത്തിലെ നരകത്തിൽനിന്നും രക്ഷിക്കാനും നാം പ്രവർത്തിക്കണം. തന്റെ ദാസർ വിളിക്കുമ്പോൾ '***ഇന്നീഖരീബ്***' നിശ്ചയം ഞാൻ അടുത്തുണ്ട് എന്നു പറയുന്ന സർവ്വശക്തിപ്രഭാവങ്ങളുടേയും നാഥനായ അല്ലാഹുവിനെ അന്വേഷിക്കണം. ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് അല്ലാഹു ചില നിബന്ധനകൾ വെച്ചിട്ടുണ്ട്. ആ നിബന്ധനകൾ പാലിക്കേണ്ടത് വളരെ നിർബ്ബന്ധമാണ്. എങ്കിലേ അവന്റെ കാരുണ്യം നമുക്ക് ലഭിക്കുകയുള്ളൂ. അവന്റെ പൊറുക്കലിന്റെ ചാദുറിൽ സ്വയം പൊതിയുന്നവരായിത്തീരുകയുള്ളൂ. എല്ലാത്തരം നരകങ്ങളിൽനിന്നും നമ്മെ രക്ഷിക്കാനാവുകയുള്ളൂ. നാം നമ്മുടെ ദുആകൾ സ്വീകരിക്കുന്നതിന്റെ കാഴ്ചകൾ കാണുകയുമുള്ളൂ.

ഈ വചനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "എന്റെ ദാസൻ എന്നെക്കുറിച്ച് ചോദിക്കുമ്പോൾ അവനോട് പറയുക, ഞാൻ സമീപസ്ഥനാണ്. അതായത്, അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവർ, അല്ലാഹു മറ്റുള്ളവരിൽ കാണാത്ത എന്താണ് തങ്ങളിൽനിന്ന് പ്രത്യേകമായി ആവശ്യപ്പെടുന്നതെന്ന് തിരക്കുമ്പോൾ ഞാൻ സമീപസ്ഥനാണെന്ന് അവരോട് പറയുക. നിങ്ങളും മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസമാണിത്. നിങ്ങൾ എന്റെ പ്രത്യേക ആളുകളാണ്. സമീപത്തുള്ളവരാണ്. മറ്റുള്ളവർ അകലെയാണ്, വിദൂരത്താണ്. നിങ്ങളിൽനിന്ന് പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കുന്നു. അതായത്, ഞാൻ അവനുമായി സംസാരിക്കുന്നു. അവനുമായി വർത്തമാനം പറയുന്നു. അവന്റെ പ്രാർത്ഥനകളെ സ്വീകരിക്കുന്നു. അതുകൊണ്ട് നന്മ പ്രാപിക്കാൻ ഞാൻ പറഞ്ഞ കല്പനകൾ അവർ പാലിക്കേണ്ടതാണ്. എന്നിൽ വിശ്വസിക്കേണ്ടതുമാണ്.

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ഒരു നല്ല അന്തരീക്ഷം കൈവന്നിരിക്കുകയാണ്. ഇത് ദുആ സ്വീകരിക്കപ്പെടുന്ന അന്തരീക്ഷമാണ്. ഈ മാസത്തിൽ ശയ്ത്വാനെ ചങ്ങലയ്ക്കിട്ടിരിക്കുന്നു. സ്വർഗ്ഗം സമീപസ്ഥമാക്കിയിരിക്കുന്നു. പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും അനുഗ്രഹം പ്രാപിക്കുന്നത് എന്റെ നിബന്ധനകൾ പാലിക്കുന്നവരായിരിക്കും."

അതിലൊരു നിബന്ധന അല്ലാഹു ഉണ്ടെന്നുള്ള വിശ്വാസത്തിൽ നിലകൊള്ളുക എന്നതാണ്. ഒന്നിനും ഇളക്കാൻ കഴിയാത്തത്ര ദൃഢവിശ്വാസം അല്ലാഹുവിന്റെ അസ്തിത്വത്തിലുണ്ടാകണം. ആകാശത്തേയും ഭൂമിയേയും അവയ്ക്കിടയിലുള്ളതിനേയുമെല്ലാം സൃഷ്ടിച്ച ഒരു ദൈവമുണ്ടെന്ന് ഉറപ്പായും വിശ്വസിക്കണം. അവൻ സകലലോകത്തിന്റേയും രക്ഷിതാവാണ്. എല്ലാ വസ്തുക്കളുടേയും അധികാരിയാണ്. സകലതും അവന്റെ കൈകളിലാണ്. അവൻ തന്റെ പരിപാലനം കാരണത്താൽ ജാതിമത ഭേദമന്യേ എല്ലാവരുടേയും ഭൗതികമായ കാര്യങ്ങൾ ശ്രദ്ധിച്ചിരിക്കുന്നു. അതെത്രമാത്രമാണെന്നുവെച്ചാൽ പക്ഷിമൃഗാദികളും ആ പരിപാലനത്തിൽനിന്ന് അനുഗ്രഹം തേടുന്നു. വായു, വെള്ളം, വെളിച്ചം, ഭക്ഷണപാനീയങ്ങൾ തുടങ്ങിയവയെല്ലാം അവൻ എല്ലാവർക്കും ഒരുപോലെ നല്കിയിരിക്കുന്നു. അവൻ എല്ലാ ഗുണവിശേഷങ്ങളുടേയും സമുച്ചയമാണ്. അവൻ ആരുടേയും മകനല്ല. അവനൊട്ടു മകനുമില്ല. അതുകൊണ്ട് ഒന്നാമത്തെ നിബന്ധന സകല ഗുണവിശേഷങ്ങളും അടങ്ങിയിട്ടുള്ള അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ്.

രണ്ടാമത്തെ കാര്യം അല്ലാഹു ഉണ്ടെന്നും അവനാണ് സ്രഷ്ടാവെന്നുമുള്ള വിശ്വാസം മാത്രം പോരാ. പ്രത്യുത അവനിൽ സമ്പൂർണ്ണവിശ്വാസം ഉണ്ടായിരി

ക്കണം എന്നാണ്. നമ്മുടെ പ്രാർത്ഥനകൾ അവനാണ് സ്വീകരിക്കുന്നതെന്നും അതുകൊണ്ട് അവനെ പ്രാപിക്കാൻ ശ്രമിക്കണമെന്നും നിശ്ചയമുണ്ടാകണം. അല്ലാഹുവുമായിട്ടുള്ള ബന്ധം സ്ഥാപിക്കാനും അവന്റെ സാമീപ്യം പ്രാപിക്കാനും നാം ശ്രമിക്കേണ്ടതാണ്. അവനുവേണ്ടി നാം നമ്മളിൽ ഭക്തിയുണ്ടാക്കേണ്ടതാണ്. ദൈവഭയം ഉണ്ടാക്കുകയും നമ്മെ പരിശുദ്ധരാക്കുകയും ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു പറയുന്നത് അവനുമായി സംസാരിക്കാൻ കഴിയുന്നത്ര നിലയിൽ നമ്മൾ നമ്മെ ആക്കിത്തീർക്കണമെന്നാണ്. ഈ സ്ഥാനം ലഭിക്കുന്നത് വിശ്വാസം തികവാർന്നനിലയിലാകുമ്പോഴായിരിക്കും. അതുകൊണ്ട് വിശ്വാസം തികവുറ്റതാക്കാനും നാം ശ്രമിക്കണം. അതായത്, അല്ലാഹു പ്രാർത്ഥന സ്വീകരിക്കുന്നവനാണെന്നും ഈമാനിൽ പുരോഗതിയുണ്ടായാൽ അവന്റെ സാമീപ്യം ലഭിക്കുമെന്നും വിശ്വസിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ അല്ലാഹു തന്റെ ദാസനോട് സംസാരിക്കുന്നു. റഹ്മാനിയ്യത്തിന്റെ ദാനം കൊണ്ട് മനുഷ്യൻ വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുന്നു. അപ്പോൾ റഹീമിയ്യത്തിന്റെ പ്രഭയും ദുആ സ്വീകരിക്കുന്നതിന്റെ വെളിച്ചവും അവൻ കാണിക്കുന്നു. ഈ ദൃഢതരമായ വിശ്വാസം അല്ലാഹുവിലുണ്ടാകുമ്പോൾ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതാണ്.

മൂന്നാമത്തെ കാര്യം എല്ലാ നബിമാരും അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടവരാണെങ്കിലും പ്രാർത്ഥനാ സ്വീകാര്യതയെ സംബന്ധിച്ച് അല്ലാഹു നബി(സ)യോട് പറയുന്നത് 'ഏ, മുഹമ്മദ്(സ) ഇനി പ്രാർത്ഥനയുടെ സ്വീകാര്യത ആർക്കെങ്കിലും കാണണമെങ്കിൽ അവർക്ക് നീയുമായി ബന്ധം സ്ഥാപിക്കേണ്ടിവരും' എന്നാണ്. അല്ലാഹു പറയുന്നു. എന്നോടുള്ള ബന്ധം ഇനിയുണ്ടാകുന്നത് എന്റെ ഈ നബിയിൽ പൂർണ്ണമായും വിശ്വസിക്കുന്നവനായിരിക്കും. അല്ലാഹു പറഞ്ഞു, ***വഇദാ സഅലക്ക ഇബാദീ*** എന്റെ ദാസൻ നിന്നോട് എന്നെക്കുറിച്ച് ചോദിക്കുമ്പോൾ ഏ, മുഹമ്മദ്(സ) നിനക്ക് മാത്രമാണ് ഇനി എന്റെ ദാസർക്ക് യഥാർത്ഥമായ മാർഗ്ഗദർശനം കൊടുക്കാൻ കഴിയുന്നത്. എന്നെ അന്വേഷിക്കുന്നവർക്ക് മാർഗ്ഗം കാണിച്ചുകൊടുക്കാൻ നിനക്കേ കഴിയൂ. അതുകൊണ്ട് നബി(സ) ന്റെമേൽ പൂർണ്ണമായും വിശ്വസിക്കേണ്ടത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാൻ അനിവാര്യമാണ്. മറ്റു മതങ്ങളെല്ലാം ഇപ്പോൾ ഓർമ്മയായിക്കഴിഞ്ഞിരിക്കുകയാണ്. ആ എല്ലാ നബിമാരേയും വിശ്വസിക്കേണ്ടത് നിർബ്ബന്ധമാണെങ്കിലും അല്ലാഹു പറയുന്നു, എന്നിലേക്കുള്ള വഴി പറഞ്ഞുകൊടുക്കാനുള്ള അധികാരം ഇപ്പോൾ നിനക്ക് മാത്രമേയുള്ളൂ. നിന്നിൽ വിശ്വസിക്കുന്നതിനോടൊപ്പം നീ ചെയ്തിട്ടുള്ള പ്രവചനങ്ങളിലും അവർക്ക് ദൃഢമായ വിശ്വാസമുണ്ടാകണം. നിന്റെ അടയാളങ്ങളും പ്രവചനങ്ങളും സാക്ഷാത്കരിച്ചുവന്ന നിന്റെ സത്യസന്ധനായ പ്രേമിയിൽ വിശ്വസിക്കേണ്ടതും ഈമാന്റെ ഒരു നിബന്ധനയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർ മാത്രമേ അല്ലാഹുവിലും അവന്റെ റസൂലിലും ദൃഢതരമായി വിശ്വസിക്കുന്നവരാകുകയുള്ളൂ എന്ന് സാരം. അവർ മാത്രമേ ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ ആദ്യത്തേക്കാൾ കൂടുതലായി കാണുകയുള്ളൂ. അവർ മാത്രമേ എന്റെ, ***ഇന്നീ ഖരീബ്*** എന്ന ശബ്ദം കേൾക്കുകയുള്ളൂവെന്നും അല്ലാഹു പറയുന്നു.

നാലാമത്തെ കാര്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും അവനെ പ്രാപിക്കാനുമായിരിക്കണം നാം അവനോട് ചോദിക്കേണ്ടത് എന്നതാണ്. അല്ലാഹുവിനെ കിട്ടണം എന്ന ആഗ്രഹമാണുണ്ടാകേണ്ടത്. ഈ ഉദ്ദേശ്യത്തോടെ അവനോട് ചോദിക്കുമ്പോൾ, തന്നെക്കുറിച്ചും താനുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ചും ചോദിക്കുമ്പോൾ, തന്നെ അവർ അടുത്തുകാണുമെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിനെ വിളിക്കുന്നത് വെറും സുഖവൃത്തിക്കുവേണ്ടിയും അവനെ ഓർമ്മിക്കുന്നത് ഭൗതികോദ്ദേശ്യം നേടാനുള്ള നേരത്തും അവന്റെ സാമീപ്യവും ബന്ധവും കരസ്ഥമാക്കുക എന്നതല്ല അതിന്റെ ലക്ഷ്യവുമെങ്കിൽ അത് ഏകപക്ഷീയമായ കാര്യമായിരിക്കും എന്ന് അല്ലാഹു പറയുന്നു. ഇത് സ്വാർത്ഥതയാണ്. എന്റെ മറുപടി കേൾക്കണമെങ്കിൽ ***ഫൽ യസ്തജീബൂലി*** എന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടിവരും. എന്റെ വിളിക്ക് ഉത്തരം നല്കേണ്ടിവരും. എങ്കിൽ മാത്രമേ, എന്നിൽനിന്ന് നിങ്ങൾക്ക് മറുപടി കിട്ടുകയുള്ളൂ എന്നും അല്ലാഹു പറയുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി, ഐശ്വര്യം ലഭിക്കാൻ തന്റെ കല്പനകൾ സ്വീകരിക്കാനും തന്നിൽ വിശ്വസിക്കാനുമാണ് അല്ലാഹു പറയുന്നത്.

അഞ്ചാമത്തെ കാര്യം പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിന് മനുഷ്യൻ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***ഉജീബു ദഅ്വത്തദ്ദായി ഇദാ ദആൻ*** അതായത്, ഞാൻ പശ്ചാത്തപിച്ചു മടങ്ങുന്നവന്റെ പശ്ചാത്താപം സ്വീകരിക്കുന്നു. അല്ലാഹുവിന്റെ ഈ വാഗ്ദാനം പൂർത്തിയാകുന്നത് സത്യഹൃദയത്തോടുകൂടി പശ്ചാത്തപിക്കുന്നവനിലാണ്. അല്ലാഹുവിൽനിന്ന് ഇത്തരം സമ്മതമില്ലായിരുന്നുവെങ്കിൽ പശ്ചാത്താപം സ്വീകരിക്കപ്പെടുക എന്നത് ദുഷ്കരമായ ഒരു കാര്യമായിത്തീരുമായിരുന്നു. സത്യഹൃദയത്തോടെ പശ്ചാത്ത

പിച്ച് മടങ്ങുമ്പോൾ അതിന്റെ ഫലമായി അല്ലാഹു അവന്റെ എല്ലാ വാഗ്ദാനവും പൂർത്തിയാക്കുന്നു. താൻ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടുമെന്നും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്ന നേരംമുതൽ അവന്റെ മനസ്സിൽ ഒരു ദിവ്യ ജ്യാതിസ്സ് രൂപപ്പെട്ടുവരാൻ തുടങ്ങും. പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും, അതിനോടൊപ്പം അല്ലാഹുവേ, നീ എവിടെയാണെന്ന് ചോദിച്ചുകൊണ്ടുള്ള വിളി ഉയരുകയും ഞാൻ നിന്റെ നബി(സ) പറഞ്ഞതനുസരിച്ച് എന്റെ പാപത്തിൽനിന്ന് നിന്നോട് മാപ്പ് ചോദിക്കുന്നുവെന്ന് പറയുകയും ചെയ്യുമ്പോൾ ആ പ്രാർത്ഥന അല്ലാഹുവിന്റെ ഫള്‌ലിനെ വലിച്ചുകൊണ്ടുവരുന്നതായി തീരും. അത് സ്വീകരിക്കപ്പെടുകയും ചെയ്യും.

അല്ലാഹുവിലേക്ക് ആത്മാർത്ഥനായി കുനിയുന്ന ദാസൻ '***ഫഇന്നീ ഖരീബ്***' ന്റെ ശബ്ദം കേൾക്കും. പാപങ്ങളിൽനിന്ന് മുക്തി നേടുന്നതിനുള്ള പ്രാർത്ഥനയും, അല്ലാഹുവിന്റെ ദാസനാകുന്നതിനും ദുആ സ്വീകരിക്കപ്പെടുന്നതിനും നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഓർമ്മിച്ചുകൊള്ളുക. പ്രഥമവും അത്യാവശ്യമായിട്ടുള്ളതുമായ പ്രാർത്ഥന മനുഷ്യൻ, തന്നെ ശുദ്ധീകരിക്കുന്നതിനുവേണ്ടി ചെയ്യുന്നതാണ്. എല്ലാ പ്രാർത്ഥനയുടേയും അടിസ്ഥാനം ഈ പ്രാർത്ഥനയാണ്. ഈ പ്രാർത്ഥന സ്വീകരിക്കപ്പെടുകയും മനുഷ്യൻ എല്ലാത്തരം അഴുക്കുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ട് ദൈവദൃഷ്ടിയിൽ പരിശുദ്ധനായിത്തീരുകയും ചെയ്യുമ്പോൾ അവൻ സ്വന്തം ആവശ്യത്തിനുവേണ്ടി ചെയ്യുന്ന മറ്റു പ്രാർത്ഥനകൾ ആവശ്യമായി വരികയില്ല. അത് സ്വയം സ്വീകരിക്കപ്പെട്ടുകൊണ്ടേപോകും. അതുകൊണ്ട് മറ്റ് ആവശ്യങ്ങളും പൂർത്തീകരിക്കാനാഗ്രഹിക്കുന്നെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഈ കുറിപ്പടിയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഇനി പറയുന്നത് ഞാൻ മുമ്പേ പറഞ്ഞ കാര്യം തന്നെയാണ്. പക്ഷേ, ഇതും ഒരു വേറിട്ട നിബന്ധനയായി കാണണം. അതായത്, ദുആ സ്വീകരിക്കുന്നതിന് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഇതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ദുൻയാവിന്റെ കളിതമാശകൾ ഉപേക്ഷിച്ചേപറ്റൂ. നമ്മുടെ പ്രതിജ്ഞകളിലും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന നിബന്ധനയുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞയിലും ഇത് കാണാം. ഇപ്രകാരംതന്നെ ബയ്അത്തിന്റെ 8-ാമത്തെ നിബന്ധന ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിരിക്കുന്നതും ഇതുതന്നെയാണ്: "മതത്തേയും മതത്തിന്റെ മാനത്തേയും ഇസ്‌ലാമിക സഹാനുഭൂതിയേയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും എല്ലാ പ്രീതജനങ്ങളേക്കാളും കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്."

ഇങ്ങനെയാണ് ദീനിനെ ദുൻയാവിനേക്കാൾ മുന്തിയതായി മനസ്സിലാക്കേണ്ടത്. ഒരഹ്മദി എന്തും പ്രവർത്തിക്കുന്നതിനു മുമ്പേ താനൊരു മുസൽമാനാണെന്ന് കരുതണം. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയേയും വിശ്വസിച്ച മുസ്‌ലിമാണ് താനെന്ന് ഓർക്കണം. എന്നു മാത്രമല്ല തന്നിൽനിന്ന് ദീനിന് മാനഹാനി ഉണ്ടാക്കുന്ന ഒരു പ്രവർത്തനവും ഉണ്ടാകരുതെന്നും തനിക്ക് തന്നേക്കാളും തന്റെ കുടുംബത്തേക്കാളും അല്ലാഹുവിന്റെ ദീനിന്റെ മാനമാണ് പ്രിയപ്പെട്ടതെന്നും മനസ്സിലാക്കണം. ദീനിന്റെ മാനം കാക്കാൻ ഭൗതികമായ നഷ്ടം സഹിക്കേണ്ടിവന്നാൽ അതിനും തയ്യാറായിരിക്കണം. ഈ പ്രതിജ്ഞ ഓരോ അഹ്മദിയും ചെയ്യേണ്ടതാണ്. അപ്പോഴാണ് ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്നും സ്വീകരിക്കുമെന്നും അല്ലാഹു പറയുന്നത്.

ഏഴാമത്തെ കാര്യം കർമ്മപരവും വിശ്വാസപരവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക എന്നതാണ്. സ്ഥിരസ്വഭാവത്തോടും പതിവായിട്ടും ഇത് ചെയ്യണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അതുകൊണ്ട് ഞാൻ ഉപദേശിക്കുകയാണ്. നിങ്ങളുടെ കർമ്മപരവും വിശ്വാസപരവുമായ ശക്തി വർദ്ധിപ്പിക്കുന്നതിന് പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക."

***ഫൽ യസ്തജീബൂലി വൽയുഅ്മിനൂബി*** അവർ ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. ഈ കാര്യം കരസ്ഥമാക്കാൻ നമ്മുടെ കർമ്മങ്ങൾ മനോഹരമാക്കുകയും അതിൽ വർദ്ധനവുണ്ടാക്കുകയും വേണം. നമ്മുടെ ഈമാനിക അവസ്ഥയും വർദ്ധിപ്പിക്കേണ്ടതാണ്. കൂടുതലായി ദൈവസാമീപ്യം പ്രാപിക്കാൻ ഇതൊക്കെ ആവശ്യമാണ്.

സത്യവിശ്വാസിയുടെ പാദങ്ങൾ ഒരു സ്ഥലത്ത് നിലച്ചുപോകില്ല. ഒരു സത്യവിശ്വാസി സൽകർമ്മം ചെയ്യുമ്പോൾ അതിലും വിവിധ നിലകളുണ്ടാകും. പുരോഗതിയുടെ മൈതാനം തുറന്നുകിടക്കുകയാണ്. ഈമാന് പല പദവികളുമുണ്ട്.

ദുആ സ്വീകരിക്കപ്പെട്ടാൽ ആ പദവിയിൽ ഉയരാൻ ശ്രമിക്കുകയും അതിനായി പ്രാർത്ഥിക്കുകയും വേണം.

എത്രമാത്രം പദവികൾ ഉയരുമോ അത്രമാത്രം അല്ലാഹുവിനോട് അടുക്കുന്നതാണ്. അത്രയും പെട്ടെന്ന് അവന്റെ വിളിക്ക് ഉത്തരവും ലഭിക്കും.

എട്ടാമത്തെ കാര്യം അല്ലാഹു ഒരു പ്രകൃതിനിയമം ഉണ്ടാക്കിയിട്ടുണ്ട് എന്നതാണ്. അതിനുള്ളിൽ നിന്നുകൊണ്ടായിരിക്കണം പ്രാർത്ഥിക്കേണ്ടത്. ആ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതാണ്. അതിനുവെളിയിൽ നിന്നുകൊണ്ട് ചെയ്യുന്ന ഒരു പ്രാർത്ഥനയും സ്വീകരിക്കപ്പെടുകയില്ല; മനുഷ്യൻ എത്രമാത്രം അലമുറയിട്ട് കരഞ്ഞാലും ശരി. അല്ലാഹു പറഞ്ഞു എന്റെ നിയമത്തിന്റെ ഉള്ളിൽനിന്നുകൊണ്ട് നിങ്ങൾ ചെയ്യുന്ന പ്രാർത്ഥന മാത്രമേ ഞാൻ സ്വീകരിക്കുകയുള്ളൂ. അതിന് എന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബ്ബന്ധമായ കാര്യമാണ്.

സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും വിശുദ്ധ ഖുർആനിൽ കല്പനയുണ്ട്. എന്നാൽ, മറ്റൊരാളുടെ അവകാശം തട്ടിപ്പറിച്ചെടുക്കുകയും, എന്നിട്ട് അല്ലാഹുവിനോട് 'ഞാനിങ്ങനെയൊക്കെ ചെയ്യുന്നുണ്ട്, പക്ഷേ, നീ എന്നോട് എപ്പോഴും ദയ കാണിക്കണം' എന്നു പറയുകയും ചെയ്തുകൊണ്ട് പ്രാർത്ഥിക്കുന്നത് നിഷ്ഫലമാണ്.

ചില ഭർത്താക്കന്മാർ ഭാര്യമാരിൽനിന്ന് രക്ഷതേടുന്നു. ചില ഭാര്യമാർ കുട്ടികളെക്കൊണ്ട് ഭർത്താക്കന്മാരെ ബുദ്ധിമുട്ടിക്കുന്നു. ഉമ്മയുടേയോ ഉപ്പയുടേയോ തണൽ അവരിൽ ഉണ്ടാകരുതെന്ന് പറഞ്ഞ് പരസ്പരം ദുആ ചെയ്യുന്നു. എന്നിട്ട് പ്രാർത്ഥിക്കാൻ എനിക്കും എഴുതുന്നു. എന്നാൽ, ഖുർആന്റെ കല്പന എന്താണ്? ഖുർആൻ പറയുന്നത് കുട്ടികൾ കാരണത്താൽ ഭാര്യ ഭർത്താവിനേയോ ഭർത്താവ് ഭാര്യയേയോ വിഷമിപ്പിക്കരുതെന്നാണ്. ഈ വഴക്കുകൾ സാധാരണയുണ്ടാകാറുള്ളതാണ്. ഖളായിൽ കേസും വരാറുണ്ട്. രണ്ടുപേർക്കും അവരുടെ കടമകൾ എന്തൊക്കെയാണെന്ന് വ്യക്തമായിട്ടും അറിയാം. എന്നിട്ടും ഈ നിലയിലാണ് അവരുടെ പ്രാർത്ഥന. അതായത്, പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നു. അത്തരം പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയില്ല. കാരണം അതെല്ലാം അല്ലാഹുവിന്റെ അധ്യാപനങ്ങൾക്ക് എതിരാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതിയിട്ടുണ്ട്. "ഒരാൾ ഹജ്ജിന് പോയിട്ട് ദുആ ചെയ്തത് അല്ലാഹുവേ, എന്റെ കാമുകിക്ക് അവളുടെ ഭർത്താവിനോട് വെറുപ്പുണ്ടാകേണമേ എന്നാണ്. അതായത് തനിക്ക് അവളെ കിട്ടണം. ഒരു മോഷ്ടാവ് ദൈവത്തോട് പ്രാർത്ഥിച്ചു. അല്ലാഹുവേ, ഞാൻ മോഷ്ടിക്കാൻ പോകുന്നതിനു മുമ്പേ നിനക്കുവേണ്ടി രണ്ട് റക്അത്ത് നമസ്കരിക്കുകയാണ്. അതുകൊണ്ട് എന്റെ പ്രവൃത്തി വിജയിക്കാൻ നീ എന്നെ സഹായിക്കേണമേ."

നൗഊദ്ബില്ലാഹ്. അവർ അല്ലാഹുവിനേയും തങ്ങളുടെ ദുഷ്പ്രവൃത്തികളിൽ പങ്കുചേർക്കാനാഗ്രഹിക്കുന്നു. ചില നാമധാരികളായ പീർമാരും ശയ്ഖന്മാരും തങ്ങളുടെ പ്രാർത്ഥന സ്വീകരിക്കാറുണ്ടെന്ന് വാദിക്കാറുണ്ട്. അജ്ഞരായ ആളുകൾ അവരുടെ വലയിൽ വീഴുന്നു. തങ്ങളുടെ പ്രാർത്ഥന സ്വീകരിച്ചതിനുള്ള തെളിവായി ചില കഥകളും ചിലർ വിശദീകരിക്കാറുണ്ട്. ഇതെല്ലാം ബുദ്ധിയ്ക്ക് വിരുദ്ധവും ശരീഅത്തിന് എതിരുമായ കാര്യങ്ങളാണ്. ഇവർ അജ്ഞരായ ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു അത്തരക്കാരുടെ പ്രാർത്ഥനകൾ സ്വീകരിക്കുകയില്ലെന്ന് മാത്രമല്ല, അവരൊട്ട് അല്ലാഹുവിന്റെ സമീപസ്ഥരുമല്ല. ഇതെല്ലാം കള്ളവാദക്കാരാണ്.

കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച നാം ഇതിൽ നിന്നെല്ലാം മോചിതരായി. അല്ലാഹുവിന് നന്ദി. അതിനാൽ, നമ്മുടെ പ്രാർത്ഥന അല്ലാഹു പറഞ്ഞ വഴിയിലൂടെയായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം കിട്ടുന്നനിലയിലുള്ളതായിരിക്കണം.

ഒമ്പതാമത്തെ കാര്യം പ്രാർത്ഥന വെറും ബുദ്ധിമുട്ടുള്ള നേരത്ത് മാത്രം ചെയ്താൽ പോരാ എന്നതാണ്. സമാധാനത്തിലും നല്ല അവസ്ഥയിലും ആയിരിക്കുമ്പോഴും അല്ലാഹുവിനെ ഓർക്കേണ്ടതാണ്. റമളാനിൽ മാത്രം സൽക്കർമ്മം ചെയ്താൽ പോരാ. സാധാരണജനങ്ങളിലും സൽക്കർമ്മം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്പോഴാണ് റമദാനിൽ ചെയ്യപ്പെടുന്ന പ്രാർത്ഥന ആദ്യത്തേക്കാൾ കൂടുതൽ പദവി പ്രദാനം ചെയ്യുന്നതായിത്തീരുന്നത്.

അല്ലാഹു പറഞ്ഞിട്ടുള്ള വഴിയിലൂടെ പ്രാർത്ഥിക്കാനുള്ള ഒരു നിബന്ധന പത്താമതായി പറഞ്ഞിട്ടുള്ളത് അതിൽ എടുത്തുചാട്ടം പാടില്ല എന്നതാണ്. ഞങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടില്ല എന്നുപറഞ്ഞ് ദുആ ചെയ്യുന്നവൻ ക്ഷീണിക്കാൻ പാടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഓർമ്മിക്കുക, ക്ഷമയുടെ നെല്ലിപ്പടി കാണാതേയും ദുആയിൽ സ്ഥിരചിത്തത പാലിക്കാതേയും കണ്ട് ആർക്കുംതന്നെ പ്രാർത്ഥനയിൽനിന്ന് ഫലമെടുക്കാൻ സാധിക്കുകയില്ല. യഅ്ഖൂബ് നബി(അ)ന്റെ പ്രിയപ്പെട്ടമകൻ യൂസുഫ്(അ) സഹോദരന്മാരുടെ ദ്രോഹംകൊണ്ട് അദ്ദേഹത്തിൽനിന്ന് വേർപ്പെട്ടുപോയി. അദ്ദേഹം 40 വർഷം യൂസുഫിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എടുത്തുച്ചാട്ടക്കാരനായിരുന്നുവെങ്കിൽ ആ പ്രാർത്ഥനയ്ക്ക് ഒരു ഫലവും ഉണ്ടാകുമായിരുന്നില്ല. അദ്ദേഹം തന്റെ

അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിൽ വിശ്വസിച്ചുകൊണ്ട് നാല്പതുവർഷം പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. നാല്പത് വർഷത്തിനുശേഷം അദ്ദേഹം ചെയ്ത ദുആ യൂസുഫിനെ അദ്ദേഹത്തിലേക്ക് വലിച്ചുകൊണ്ടുവന്നു. ഈ കാലയളവിൽ പരിഹസിക്കുന്ന ചിലർ യൂസുഫിനെയോർക്കുന്നത് നിഷ്ഫലമാണെന്നും അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ, അദ്ദേഹം പറഞ്ഞത്, നിങ്ങൾ അറിയാത്തത് അല്ലാഹുവിൽനിന്ന് ഞാനറിയുന്നുവെന്നായിരുന്നു. പറയുന്നു അല്ലാഹു ദുആ തള്ളിക്കളയാൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ അവൻ യഅഖൂബിന് ക്ഷണത്തിൽ മറുപടി കൊടുക്കുമായിരുന്നു. നബിമാർക്ക് അല്ലാഹു അങ്ങനെ മറുപടി കൊടുക്കാറുണ്ട്. നബിക്ക് അല്ലാഹുവുമായിട്ടുള്ള ബന്ധം ഒരു സാധാരണ വിശ്വാസിയേക്കാൾ എത്രയോ അധികമാണ്. മസീഹ് മൗഊദ്(അ) പറയുന്നു: "ഈ പരമ്പര നീളാൻ കാരണം അത് സ്വീകരിക്കുമെന്നുള്ളതിന്റെ തെളിവായിരുന്നു. ഔദാര്യമുള്ള ആരും യാചകനെ കൂടുതൽ നേരം ഇരുത്തി നിരാശനാക്കുകയില്ല. പിശുക്കനിൽ പിശുക്കൻ പോലും അങ്ങനെ ചെയ്യുകയില്ല. അവരും പൊറുതിമുട്ടുമ്പോൾ എന്തെങ്കിലും അയാൾക്ക് കൊടുക്കുകതന്നെ ചെയ്യും."

അല്ലാഹു വലിയ ഔദാര്യവാനാണ്. ദീർഘകാലം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവന്റെ പ്രാർത്ഥന അവൻ സ്വീകരിക്കാതിരിക്കുന്ന പ്രശ്നമില്ല. അതുകൊണ്ട് സ്ഥിരചിത്തതയോടും ക്ഷമയോടുംകൂടി പതിവായി ദുആ ചെയ്യേണ്ടത് പൊതുവെയുള്ള ഒരു നിബന്ധനയാണ്. ദൈവികജമാഅത്തിന്റെ സമ്പ്രദായവും ഇതുതന്നെയാണ്. എത്രമാത്രം കൂടുതൽ പ്രാർത്ഥിക്കാൻ അവസരം കിട്ടുമോ അത്രയധികം അല്ലാഹുവിന്റെ അനുഗ്രഹകവാടം തുറന്നുകൊണ്ടേപോകും. അഹ്മദികളെ ഞെരുക്കിക്കൊണ്ടിരിക്കുന്ന പാക്കിസ്ഥാനിലും മറ്റു ചില രാജ്യങ്ങളിലും അവിടുത്തെ അഹ്മദികൾ ആശങ്കാകുലരാകാൻ പാടില്ല. നിങ്ങൾ അല്ലാഹുവിന്റെ കോന്തല മുറുകെ പിടിക്കുക. ഇൻശാഅല്ലാഹ്. അവന്റെ സഹായം വരികതന്നെ ചെയ്യും. അന്ധകാരത്തിന്റെ എല്ലാ മേഘവും നീങ്ങിപ്പോകും. പിന്നീട് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കാർമേഘങ്ങൾ ശക്തമായിട്ട് വരും. ഇൻശാഅല്ലാഹ്. അവനിപ്പോഴും എല്ലായിടത്തും അഹ്മദികളെ താങ്ങിപ്പിടിച്ചിരിക്കുകയാണ്. ഇനി ആദ്യത്തേക്കാൾ കൂടുതൽ അനുഗ്രഹത്തിന്റെ ദൃശ്യങ്ങൾ നാം കാണും. ഈ മാസത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ വാതിൽക്കൽ വീഴുക. അവൻ ഈ ദിനങ്ങളിൽ നമ്മുടെ അടുത്തുവന്നിരിക്കുകയാണ്. ഈ പരീക്ഷണത്തിന്റെ ചൂടും റമദാന്റെ ചൂടും തീർച്ചയായും നമ്മുടെ പ്രാർത്ഥനയ്ക്ക് സ്വീകാര്യതയുടെ പദവി നല്കുന്നതായിരിക്കും. അതുകൊണ്ട് ഈ ദിനങ്ങളെ കൂടുതൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

പതിനൊന്നാമത്തെ കാര്യം ദുആ സ്വീകരിക്കുന്നതിന് അതിന്റെ ഉന്നതമായ നില കരസ്ഥമാക്കാൻ ശ്രമിക്കണം എന്നതാണ്. വേദനയോടും നൊമ്പരത്തോടും കൂടി അല്ലാഹുവിനോട് യാചിക്കുക. കുട്ടികളെപ്പോലെ മുറവിളികൂട്ടിക്കരയുന്ന രീതിയിലുള്ള പ്രാർത്ഥന നമ്മളിൽനിന്നുണ്ടാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. കുഞ്ഞിന് പ്രാർത്ഥനയുടെ പേരുപോലും പറയാൻ അറിയില്ല. പക്ഷേ, അവന്റെ നിലവിളി മാതാവിന്റെ മാറിടത്തിൽ പാൽ വലിച്ചുകൊണ്ടുവരുന്നു. ആ കരച്ചിലാണ് ഉമ്മയുടെ പാൽ അവനിലേക്ക് വലിച്ചുകൊണ്ടുവരുന്നത്. ഈ ഉദാഹരണം പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. നൊമ്പരത്തോടും സങ്കടത്തോടുംകൂടിയുള്ള യാചന അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചുകൊണ്ടുവരുന്നുവെന്നും അത് സ്വീകാരത്തിന്റെ നില പ്രാപിക്കുന്നുവെന്നും ആ മഹാത്മാവ് പറഞ്ഞു. അദ്ദേഹം പറയുന്നു. "ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ സന്നിധിയിൽ നമ്മുടെ മുറവിളി ഇപ്രകാരമുള്ളതാണെങ്കിൽ അത് അവന്റെ ഫള്ലിനേയും റഹ്മത്തിനേയും ആവേശം കൊള്ളിക്കും. അത് അതിനെ വലിച്ചുകൊണ്ടുവരും. അതിനാൽ, രാത്രിയിൽ എഴുന്നേറ്റ് അങ്ങേയറ്റം വണക്കത്തോടും വിനയത്തോടുംകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്മുടെ പ്രയാസങ്ങൾ ബോധിപ്പിക്കുക. ആ പ്രാർത്ഥനയെ ഒരു മരണംപോലെയുള്ള അവസ്ഥയിലേക്ക് ഉയർത്തുക. അപ്പോഴാണ് പ്രാർത്ഥന സ്വീകരിക്കപ്പെടുന്നത്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ചും അത് പാലിച്ചും ഈമാൻ പൂർത്തീകരിച്ചുംകൊണ്ട് പ്രാർത്ഥിക്കുമ്പോൾ അത് അവന്റെ സന്നിധിയിൽ മറുപടിക്ക് അർഹമായിത്തീരുന്നതാണ്. പിന്നീട് പറഞ്ഞു. ഇക്കൂട്ടർ 'യർശുദൂൻ' എന്നവരുടെ കൂട്ടത്തിൽപെടുന്നു. അവർ സന്മാർഗ്ഗപ്രാപ്തരായിരിക്കും. നബി(സ) പറഞ്ഞ അല്ലാഹുവിനോളം എത്താനുള്ള വഴിയിലൂടെ അവർ ചരിച്ചുകൊണ്ടേയിരിക്കും. അല്ലാഹുവിന്റെ കല്പനയ്ക്ക് ലബ്ബൈക്ക് പറയുന്നവരായിരിക്കും. വിശ്വാസത്തിന്റെ നിലകൾ തരണം ചെയ്തുകൊണ്ടുപോകും. അല്ലാഹു എവിടെയാണെന്ന് പിന്നീടവർ ചോദിക്കുകയില്ല. മറിച്ച്, നബി(സ)യുടെ മടിത്തുമ്പ് പിടിച്ചുകൊണ്ട് ആ ഉയർന്നനില പ്രാപിച്ച് തന്റെ മഹ്ബൂബിനെ നേരിൽ കാണുന്നതായിരിക്കും. ഹദീസനുസരിച്ച്, അല്ലാഹു തന്നെ കാണുന്നു എന്ന നിലയിൽനിന്നുയർന്ന് തന്റെ ആരാധനാ കർമ്മങ്ങളിൽ അല്ലാഹുവിനെ താൻ കാണുന്നു എന്നവസ്ഥ പ്രാപിക്കും. അതുകൊണ്ട് ഈ റമളാനെ ഈ നിലവാരം പ്രാപിക്കുന്നതാക്കിത്തീർക്കാൻ

നാം ശ്രമിക്കണം. ഈ മിഅ്റാജ് നാം കരസ്ഥമാക്കണം. നമ്മുടെ നമസ്കാരങ്ങൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചുകൊണ്ട് നോമ്പിന്റെ മിഅ്റാജാകണം. നമ്മുടെ നോമ്പ് നമ്മുടെ നമസ്കാരത്തിന്റെ മിഅ്റാജാകണം. റമളാൻ, റംള് എന്ന പദത്തിൽനിന്ന് നിഷ്പന്നമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. സൂര്യതാപത്തിനാണ് റംള് എന്ന് പറയുന്നത്. ഒരു ചൂട് മനുഷ്യൻ ഭക്ഷണപാനീയങ്ങളും ശാരീരികമായ എല്ലാ സുഖങ്ങളും ഉപേക്ഷിച്ചുകൊണ്ട് സൃഷ്ടിക്കുന്നതാണ്. രണ്ടാമത്തേത് ദൈവകല്പനകൾ നിറവേറ്റാൻ വേണ്ടിയുള്ള ചൂടാണ്. അല്ലാഹു ***ഫൽയസ്തജീബൂലി*** എന്റെ വിളിക്ക് ഉത്തരം ചെയ്യുക എന്ന് പറഞ്ഞതുപോലെ നമ്മൾ ഈ റമളാനിൽ അല്ലാഹുവിന്റെ ഈ കല്പനയനുസരിച്ച് പ്രവർത്തിക്കാൻ കൂടുതൽ ശ്രമിക്കേണ്ടതാണ്. നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യം മനസ്സിലാക്കിക്കൊണ്ട്, തന്നെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കാൻ അല്ലാഹു നമ്മോട് പറയുന്നു. സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. ഇതും അല്ലാഹുവിന്റെ കല്പനയിൽപ്പെട്ടതാണ്. മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റാൻ ശ്രദ്ധിക്കാത്തവൻ അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റാത്തവനാണ്.

അല്ലാഹുവിന്റെ ഈ കല്പനകളെല്ലാമനുസരിച്ച് പ്രവർത്തിക്കാനും അവന്റെ വിളിക്ക് ഉത്തരം നല്കാനും അവനെ വിശ്വസിക്കാനും രണ്ടുതരം കടമകളും നിറവേറ്റേണ്ടത് നിർബ്ബന്ധമാണ്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ അപ്പോഴാണ് നാം യഥാർത്ഥ സന്മാർഗ്ഗപ്രാപ്തരെന്ന് പറയപ്പെടുന്നത്. അപ്പോഴാണ് അല്ലാഹു നമ്മുടെ ദുആയ്ക്ക് ഉത്തരം നല്കുന്നത്. അതിനാൽ റമളാനെക്കുറിച്ച് പറയാൻവേണ്ടിയാണ് ഖുർആൻ ഇറങ്ങിയതെന്നു പറയുന്നത് ഖുർആന്റെ കല്പനകൾ അല്ലാഹുവിന്റെ ആരാധനകളിലേക്ക് ശ്രദ്ധ പതിപ്പിക്കുന്നതും കടമകൾ നിറവേറ്റാൻ പ്രചോദിപ്പിക്കുന്നതുമായതുകൊണ്ടാണ്. റമദാനിൽ സത്യവിശ്വാസി ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കും. ഈ രണ്ട് കടമകളും നിറവേറ്റാൻ ഒരാവേശം കൊള്ളുക. സമസൃഷ്ടികളോടുള്ള കടമകൾ ശ്രദ്ധിക്കാൻ നബി(സ) പറയുകയുണ്ടായി. നോമ്പുകാരനെ നോമ്പ് തുറപ്പിച്ചാൽ ആ തുറപ്പിക്കുന്നവന്റെ പാപവും പൊറുക്കപ്പെടുന്നു. അവനെ തീയിൽനിന്ന് സ്വതന്ത്രനാക്കുന്നു. നബി(സ)ന്റെ കർമ്മം എന്തായിരുന്നു? നിവേദനത്തിൽ വന്നിരിക്കുന്നു. റമദാൻ മാസത്തിൽ ശക്തമായ കാറ്റിനേക്കാൾ വേഗത്തിൽ ദാനധർമ്മങ്ങൾ നല്കുന്നതിലും മറ്റുള്ളവരെ സഹായിക്കുന്നതിലും നബി(സ)യുടെ കരങ്ങൾ ചലിച്ചിരുന്നു. ഇത് എന്തിനുവേണ്ടിയായിരുന്നു? അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിനോടൊപ്പം സമസൃഷ്ടികളോടുള്ള കടമകളും റമദാനിൽ ആദ്യത്തേക്കാൾ കൂടുതൽ നിറവേറ്റുന്നതിനുവേണ്ടിയായിരുന്നു.

അതിനാൽ, ഓരോ അഹ്മദിയും ഈമാൻ ഉയരാൻ ഖുർആന്റെ കല്പനകളനുസരിച്ച് പ്രത്യേകമായും ഈ മാസത്തിൽ പ്രവർത്തിക്കുക. ഇത് അല്ലാഹുവിന്റെ ഔദാര്യമാണ്. അവൻ ഓരോ വർഷവും റമളാന്റെ നോമ്പ് നിശ്ചയിച്ചുകൊണ്ട് നമ്മളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ മാസത്തിൽ നോമ്പ് പിടിച്ചുകൊണ്ട് ആത്മീയപുരോഗതികൾ കൈവരിക്കേണ്ടതാണ്. അങ്ങനെ സന്മാർഗ്ഗപ്രാപ്തരിൽ ഉൾപ്പെടണം. അത്തരക്കാരുടെ ആത്മീയനിലവാരം എപ്പോഴും ഉന്നതിയിൽനിന്ന് ഉന്നതയിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു. അല്ലാഹു പറഞ്ഞ കാര്യങ്ങൾ ചെയ്യാൻ ഒരു ഉത്സാഹം കാണിക്കുക. അപ്പോഴാണ് റമളാൻ നിങ്ങൾക്ക് പ്രതിഫലം നല്കുന്നത്. അപ്പോഴാണ് നിങ്ങൾ ലബ്ബൈക്ക് പറയുന്നവരായിത്തീരുന്നത്. അപ്പോഴാണ് നിങ്ങൾ ഈമാനിൽ പുരോഗതി നേടുന്നത്. പുരോഗതി നേടിയവരെന്ന് പറയപ്പെടുന്നത്. സന്മാർഗ്ഗപ്രാപ്തരെന്ന് പറയപ്പെടുന്നത്. എന്റെ ദാസാ, എന്ന് അല്ലാഹു വിളിക്കുന്നത്. അപ്പോഴാണ് അല്ലാഹുവിന്റെ സാമീപ്യത്തിന്റെ അടയാളം ദൃശ്യമാകുന്നത്. ***ഉജീബു ദഅ്‌വത്തദ്ദായി ഇദാ ദആൻ*** എന്നതിന്റെ പ്രകടനം നിങ്ങൾ കാണുന്നത്. അപ്പോഴാണ് അല്ലാഹുവിന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരായിത്തീരുന്നത്. എന്തുകൊണ്ട് നമ്മളിൽ നോമ്പ് നിർബ്ബന്ധമാക്കിയെന്ന് ഈ വചനങ്ങളിൽ വിശദീകരിച്ചിരിക്കുകയാണ്. ഖുർആന് റമളാനുമായിട്ടുള്ള പ്രത്യേക ബന്ധമെന്താണ്? ഈ മാസത്തിൽ ചൂടിന്റെ ഒരു പ്രത്യേക അന്തരീക്ഷം ലഭിക്കുകയും നോമ്പിനോടൊപ്പം ഖുർആനിൽ ചിന്തിച്ച് അല്ലാഹുവിനോടുള്ള കടമകളുടേയും അവന്റെ സൃഷ്ടികളോടുള്ള കടമകളുടേയും നിലവാരം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാൻ കൂടുതൽ അവസരം ലഭിക്കുന്നു. ഈ വർഷത്തിലുണ്ടായ വീഴ്ചകളും അലസതകളും അകറ്റുന്നതിനുവേണ്ടിയുള്ള സന്ദർഭം ഉണ്ടാകുന്നു. അല്ലാഹു നമുക്ക് ആ നില കരസ്ഥമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ പ്രത്യേക ദാസരിൽനിന്ന് അവനെന്താണോ പ്രതീക്ഷിച്ചിട്ടുള്ളത് ആ നിലയിലേക്കുയരാൻ നമ്മെ അനുഗ്രഹിക്കട്ടെ. ഇസ്ലാം- അഹ്മദിയ്യത്തിന്റെ പതാക ലോകം മുഴുവൻ പറപ്പിക്കുന്നവരായിക്കാണാൻ അല്ലാഹു തൗഫീഖ് നല്കട്ടെ.

രണ്ടാം ഖുത്ബയ്ക്ക് മുമ്പേ ഹുസൂർ പറഞ്ഞു. വേദനാജനകമായ ഒരു വാർത്ത അറിയിക്കുകയാണ്. കറാച്ചിയിൽ നമ്മുടെ രണ്ട് ഡോക്ടർമാർ ശഹീദാക്ക

പ്പെട്ടു. ഇതാണ് മുസ്ലിംകളുടെ റമളാൻ! അഹ്മദികളെ ശഹീദാക്കി വലിയ പ്രതിഫലം പറ്റാൻ കഴിയുമെന്നാണ് ഇക്കൂട്ടർ മനസ്സിലാക്കുന്നത്. ആദ്യത്തേത് ഡോക്ടർ ഹമീദുല്ലാ സാഹിബാണ്. ഇദ്ദേഹത്തെ ഖലീഫത്തുൽ മസീഹ് ഥാലിസിന്റെ കാലത്ത് ഗാംമ്പിയായിലേക്ക് അയച്ചിരുന്നു. സിറാലിയൂൺ, ലൈബിരിയ, ഘാന, നൈജീരിയ തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ താമസിച്ചുകൊണ്ട് വലിയ സേവനം അദ്ദേഹം ചെയ്തിട്ടുണ്ട്. നമ്മുടെഡോക്ടർമാരുടെ ആരംഭകാലം വളരെ കഠിന തരമാണ്. വലിയ ത്യാഗം ചെയ്തുകൊണ്ടാണ് അദ്ദേഹം തന്റെ ജീവിതം കഴിച്ചുകൂട്ടിയത്. 1990-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ അനുവാദത്തോടെ അദ്ദേഹം തിരിച്ച് കറാച്ചിയിൽ വന്നു. സ്വന്തമായി ഒരു ക്ലിനിക്ക് തുടങ്ങി. അവിടുത്തെ ഹൽഖാ ജമാഅത്തിന്റെ പ്രസിഡന്റായിരുന്നു. ഇസ്ലാഹോ ഇർശാദ് സെക്രട്ടറിയായിരുന്നു. ആവേശത്തോടെ തബ്ലീഗ് ചെയ്യുന്ന ദാഇ ഇലല്ലായുമായിരുന്നു. അദ്ദേഹം രോഗികളെ തബ്ലീഗ് ചെയ്യാറുണ്ടായിരുന്നു. ഒരുപാടാളുകൾ അദ്ദേഹം മുഖേന അഹ്മദിയ്യായിട്ടുണ്ട്. ഇക്കാരണത്താൽ എതിരാളികൾ അദ്ദേഹത്തെ നോട്ടമിട്ടിരുന്നു. പല ഭീഷണികളും അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരുന്നു. സപ്തംബർ 26-ന് ക്ലിനിക്കിൽനിന്ന് വീട്ടിലേക്ക് വരുമ്പോൾ തട്ടിക്കൊണ്ടുപോയി വെടിവെച്ച് ശഹീദാക്കുകയായിരുന്നു. രണ്ടുദിവസത്തിനുശേഷമാണ് അദ്ദേഹത്തിന്റെ ശരീരം കണ്ടുകിട്ടിയത്. അദ്ദേഹത്തിന്റെ നാല് മക്കളും ഡോക്ടർമാരാണ്.

രണ്ടാമത്തേത് ഡോക്ടർ ശേയ്ഖ് മുബശ്ശിർ അഹ്മദ് സാഹിബാണ്. അദ്ദേഹം കറാച്ചിക്കാരനാണ്. സപ്തംബർ 24-ന് അദ്ദേഹം ശഹീദായി. ക്ലിനിക്കിൽ വന്ന് കാറിൽനിന്നിറങ്ങുമ്പോൾ അവിടെനിന്ന രണ്ടുപേർ അദ്ദേഹത്തിനുനേരെ നിറയൊഴിക്കുകയായിരുന്നു. പെട്ടെന്ന് ക്ലിനിക്കിൽ എത്തിച്ചെങ്കിലും അതിനുമുമ്പേ അദ്ദേഹം ശഹാദത്തിന്റെ മധുരം നുകർന്നുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സഹോദരീപുത്രനും കഴിഞ്ഞ വർഷം അതായത് 2006-ൽ ഇതേസ്ഥലത്ത് ശഹീദാക്കപ്പെട്ടതാണ്. കോളേജ് ഓഫ് നേഴ്സസിന്റെ പ്രിൻസിപ്പാളായിരുന്നു. ജിന്നാഹ് ഹോസ്പിറ്റലിന്റെ പ്രൊഫസറുമായിരുന്നു. നല്ല സാമൂഹികപ്രവർത്തകനായിരുന്നു. ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഇത്തരക്കാരേയും ഇക്കൂട്ടർ ജീവിക്കാൻ അനുവദിക്കാറില്ല. അഹ്മദിയായ കാരണത്താൽ അവരെ ശഹീദാക്കുന്നു. അല്ലാഹു ഇവർ രണ്ടുപേരുടേയും പദവികൾ വർദ്ധിപ്പിക്കുമാറാകട്ടെ. ഇവരുടെ ബന്ധുക്കൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ജുമാആയ്ക്കുശേഷം ഇവരുടെ ജനാസാ ഗായിബ് നമസ്കരിക്കുന്നതാണ്.


| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 28.9.2007 at Baithul Futuh, London. | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |